**<u>പതിനാലാം കേരള നിയമസഭ</u>**
**<u>പതിനാറാം സമ്മേളനം</u>**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1120.** **30.10.2019 ൽ മറുപടിയ്ക്ക്**

## <u>മയക്കമരുന്ന് ഉപയോഗം നിയന്ത്രിക്കാൻ നടപടി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.എൻ.എ.ഖാദർ<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് | | ശ്രീ.ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് മയക്കമരുന്ന് ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളുടെ എണ്ണത്തിൽ ഭയാനകമായ രീതിയിലുള്ള വർദ്ധനവ് രേഖപ്പെടുത്തിയതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കേസുകളുടെ എണ്ണത്തിൽ വർദ്ധനവ് കണ്ടെത്തിയിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ 2016 വർഷത്തിൽ 2985 മയക്കമരുന്ന് കേസുകളും, 2017 വർഷത്തിൽ 5946 മയക്കമരുന്ന് കേസുകളും, 2018 വർഷത്തിൽ 7573 മയക്കമരുന്ന് കേസുകളും, 2019 വർഷം നാളിതുവരെ 5811 മയക്കമരുന്ന് കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | 2011-2016, 2016-19 എന്നീ കാലഘട്ടങ്ങളിൽ ഈയിനത്തിൽ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളുടെ എണ്ണം വർഷം, ജില്ല എന്നിവ തരം തിരിച്ച് നൽകാമോ; | (ബി) | 2011-2016, 2016-2019 എന്നീ കാലഘട്ടങ്ങളിൽ ഈയിനത്തിൽ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളുടെ എണ്ണം, വർഷം, ജില്ല എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | മയക്കമരുന്നിന്റെ ദുരുപയോഗം കുറയ്ക്കാനും ബോധവൽക്കരണം നടത്താനും കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കാനും വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ ഫലപ്രദമാകാത്തതാണ് ഇത്തരത്തിൽ കേസുകൾ വർദ്ധിക്കുന്നതിന് കാരണമെന്ന് വിലയിരുത്തലുണ്ടായിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തി കർശന നടപടികൾ സ്വീകരിക്കുമോ? | (സി) | സംസ്ഥാനത്ത് ബോധവൽക്കരണ പ്രവർത്തനങ്ങളും, എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും വളരെ ഫലപ്രദമായ രീതിയിൽ നടന്നുവരുന്നുണ്ട്. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വാഹന പരിശോധനകളും ട്രെയിനുകളിലെ പരിശോധനകളും നടത്തി വരുന്നതും, ഇതരസംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന ലേബർ ക്യാംപുകളിൽ പരിശോധന നടത്തിവരുന്നതും, രഹസ്യ വിവരങ്ങൾ ശേഖരിക്കുന്നതിനായി ഷാഡോ എക്സൈസിനെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. വിമുക്തി പദ്ധതി പ്രകാരം ലഹരിക്കെതിരെ വിപുലമായ ബോധവത്ക്കരണ പ്രവർത്തനങ്ങളും |

| | | | |
|---|---|---|---|
| | | | നടത്തിവരുന്നുണ്ട്. മയക്ക് മരുന്ന് കേസുകളിൽ പിടിക്കപ്പെടുന്ന കുറ്റവാളികൾക്കെതിരെ എൻ.ഡി.പി.എസ്. നിയമം അനുശാസിക്കുന്ന വകുപ്പുകൾ പ്രകാരം കേസുകൾ രജിസ്റ്റർ ചെയ്യുകയും കാര്യക്ഷമമായ അന്വേഷണം നടത്തി ബഹു. കോടതിയിൽ ഹാജരാക്കുന്ന ടി കേസുകളിൽ ബഹു.കോടതി വിചാരണ നടത്തി നിയമം അനുശാസിക്കുന്ന ശിക്ഷകൾ നൽകുകയും ചെയ്തുവരുന്നുണ്ട്. മയക്കുമരുന്നിന്റെ വിപണനങ്ങൾക്കെതിരെ അതിശക്തമായ നടപടികൾ ഈ സർക്കാർ സ്വീകരിച്ചതിനാലാണ് കൂടുതൽ കേസുകൾ കണ്ടെടുക്കുന്നതിനും രജിസ്റ്റർ ചെയ്യുന്നതിനും സാധിച്ചിട്ടുള്ളത്. കർശന നടപടികളുടെ ഫലമായാണ് കണ്ടെടുക്കുന്ന കേസുകളുടെ എണ്ണത്തിലും പിടിച്ചെടുക്കുന്ന വസ്തുക്കളുടെ അളവിലും വർദ്ധനവുണ്ടായിട്ടുള്ളത്. ഇത്തരത്തിലുള്ള കേസ്സുകൾ ഫലപ്രദമായി അന്വേഷിക്കുന്നതിനും ഇതിന്റെ ഉറവിടം കണ്ടെത്തുന്നതിനുമായി എക്സൈസ് വകുപ്പിൽ ക്രൈംബ്രാഞ്ച് രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമനമ്പർ | ജില്ല | കേസുകളുടെ എണ്ണം | |
|---|---|---|---|
| | | 2011-2016 | 2016-2019 |
| 1 | തിരുവനന്തപുരം | 309 | 1614 |
| 2 | കൊല്ലം | 407 | 1699 |
| 3 | പത്തനംതിട്ട | 137 | 896 |
| 4 | ആലപ്പുഴ | 271 | 2071 |
| 5 | കോട്ടയം | 430 | 1619 |
| 6 | ഇടുക്കി | 463 | 1627 |
| 7 | എറണാകുളം | 644 | 2727 |
| 8 | തൃശ്ശൂർ | 438 | 2125 |
| 9 | പാലക്കാട് | 253 | 1761 |
| 10 | മലപ്പുറം | 672 | 1843 |
| 11 | കോഴിക്കോട് | 280 | 742 |
| 12 | വയനാട് | 218 | 1246 |
| 13 | കണ്ണൂർ | 296 | 1004 |
| 14 | കാസർഗോഡ് | 62 | 389 |
| ആകെ | | 4880 | 21363 |